# Malayala Manorama
# 28 August 2018
# Alappuzha; Flood Victims, Rowing Team



## വെള്ളം നേട്ടമായി; വേദനയും

ഏഷ്യൻ ഗെയിംസ് മെഡൽ നേടിയ ഇന്ത്യൻ റോവിങ് ടീം കോച്ചിന്റെ കുടുംബാംഗങ്ങളും പ്രളയബാധിതർ

സജി തോമസിൻെറ ആലപ്പുഴയിലെ വീട്ടിൽ അമ്മ ക്ലാരമ്മ തോമസ്, അപ്പൂപ്പൻ ആന്റണി, മറ്റു ബന്ധുക്കൾ തുടങ്ങിയവർ. ചിത്രം: മനോരമ

**പ്രതീഷ് ജി.നായർ**

ആലപ്പുഴ● സജി തോമസെന്ന കുട്ടനാട്ടുകാരന്റെ പരിശീലനത്തിൽ ഇറങ്ങിയ ഇന്ത്യൻ റോവിങ് ടീം ഇന്നലെ ജക്കാർത്തയിലെ ഏഷ്യൻ ഗെയിംസ് വേദിയിൽ ഒരു സ്വർണവും രണ്ടു വെങ്കലവും നേടുമ്പോൾ പരിശീലകന്റെ അമ്മയടക്കമുള്ള ബന്ധുക്കൾ വെള്ളപ്പൊക്കത്തിൽ വീടുപേക്ഷിച്ചുപോയിരുന്നു. നെടുമുടി ചെമ്പുംപുറത്തു പറയനാട്ടുതറ കുടുംബാംഗമാണു സജി തോമസ്.

കുട്ടനാട് അപ്പാടെ മുങ്ങിയ വെള്ളപ്പൊക്കത്തിൽ സജിയുടെ തറവാടു വീടും സമീപത്തെ ബന്ധുവീടുകളുമെല്ലാം വെള്ളത്തിലായി. സജിയുടെ അമ്മ ക്ലാരമ്മ തോമസും സഹോദരൻ സിബി തോമസും കുടുംബവും ആലപ്പുഴയിലേക്കു രക്ഷപ്പെട്ടു. സജിയുടെ ഭാര്യ ആശയുടെ നാടായ മാവേലിക്കര അറുനൂറ്റിമംഗലത്തുള്ള വീട്ടിലും ഒട്ടേറെപ്പേരുണ്ട്. ഒരു യമഹാ വള്ളത്തിലായിരുന്നു പ്രായമായ അമ്മയെയും മറ്റും ആലപ്പുഴയിലെത്തിച്ചത്. നഗരത്തിൽ കൈതവനയിൽ സജി വാങ്ങിച്ച വീട്ടിലേക്കാണ് ഇവരെല്ലാം എത്തിയത്.

> പതിമൂന്നിന് ഇവിടെയെത്തിയതാണ്. രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കാണു നാട്ടിൽ പ്രളയം ദുരന്തമായി മാറിയത്. വീട്ടുകാരുടെ വിവരമറിയാനും അവരെ സുരക്ഷിതസ്ഥാനത്തേക്കു മാറ്റാനുമായി ഉറക്കമിളച്ചിരുന്നു ഫോൺ വിളികളിലായിരുന്നു. ഒടുവിൽ അവർ ആലപ്പുഴയിലേക്കു മാറി എന്നറിഞ്ഞപ്പോഴാണ് ആശ്വാസമായത്. പ്രളയജലം ഒഴിഞ്ഞുപോയിട്ടില്ല. അധികാരികളുടെ ശ്രദ്ധ അവിടേക്ക് ഇനിയും എത്തണം.
>
> ജക്കാർത്തയിൽനിന്ന്
>
> **സജി തോമസ്**

വീടിന്റെ പണി മുഴുവനായില്ലെങ്കിലും ചെമ്പുംപുറത്തെ ഒരു കൂട്ടം ആളുകൾക്കു സജിയുടെ വീട് അത്താണിയായി. ഇപ്പോഴും ചെമ്പുംപുറത്തെ വീട്ടിൽ വെള്ളമിറങ്ങിയിട്ടില്ല.